SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**25-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. **കർഷക അവാർഡിന് അപേക്ഷ നൽകുവാനുള്ള തീയതി ദീർഘിപ്പിച്ചു**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ രണ്ടായിരത്തിയിരുപത് വർഷത്തെ ജില്ലാ - സംസ്ഥാനതല കർഷക അവാർഡിനുള്ള അപേക്ഷകൾ കൃഷിഭവനുകളിൽ ലഭിയ്ക്കേണ്ട അവസാന തീയതി 31- 07- 2021 വരെ ദീർഘിപ്പിച്ചു. കർഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 03 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

2. മാവ്, പ്ലാവ്, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, മംഗോസ്റ്റിൻ, കുടംപുളി, ഞാവൽ എന്നിവയുടെ വിള വിസ്തൃതി വ്യാപനത്തിന് ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 18000/- രൂപ എം ഐ ഡി എച്ച് (MIDH) പദ്ധതി പ്രകാരം സബ്സിഡി നൽകുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക. .

3. രാഷ്ട്രീയ കൃഷിവികാസ് യോജനയുടെ ഭാഗമായി മണ്ണുത്തി യൂണിവേഴ്സിറ്റി മൃഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന 'ചെറുകിട നാമമാത്ര ഫാമുകളിലെ ആരോഗ്യ പ്രത്യുല്പാദന പരിരക്ഷ പശുക്കളിൽ' എന്ന പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വിദഗ്ധ വെറ്ററിനറി ഡോക്ടർമാർ ഫാമുകളിൽ എത്തി പശുക്കളുടെ പരിശോധന നടത്തിയ ശേഷം വേണ്ട പ്രതിവിധികൾ നിർദ്ദേശിക്കുന്നതാണ്. താല്പര്യമുള്ള കർഷകർ ഇനിപ്പറയുന്ന ഫോൺ നമ്പരുകളിൽ ഡോ. അജിത്കുമാർ എസ്. 9400322511, ഡോ. ഉഷ നാരായണപിള്ള-9847803271 എന്നിവരെ ബന്ധപ്പെടാവുന്നതാണ്.

4. **കാർഷികയന്ത്രവൽക്കരണ ഉപപദ്ധതി**

കാർഷിക യന്ത്രങ്ങൾക്ക് 40 മുതൽ 80 ശതമാനം വരെ സബ്സിഡി നൽകി യന്ത്രവൽകൃത കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോട കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

**25-07-2021**

നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) യിൽ https://agrimachinery.nic.in/index എന്ന വെബ്സൈററിൽ കൂടി രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണനയുണ്ട്. കൂടുതൽ വിവരങ്ങൾക്കായി **8075251014**, **9895440373**, **9383471799** എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

5. പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (25-7-2021) ന് 2.30 മണി മുതൽ മഴക്കാല രോഗങ്ങൾ പ്രതിരോധവും പ്രതിവിധിയും എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (26.07.2021) രാവിലെ 11 മുതൽ ക്ഷീര മേഖലയിലെ മാലിന്യസംസ്കരണം എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരസംഘത്തിലെ ഭരണസമിതി അംഗങ്ങൾക്കായി ഈ മാസം 26- ന് രാവിലെ 11 മണിക്ക് **പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് കേരള സഹകരണ നിയമം , ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ പ്രാധാന്യവും സംഘം പാലിക്കേണ്ട നടപടിക്രമങ്ങളുടെ പ്രധാനപ്പെട്ട ഉത്തരവുകളും** എന്ന വിഷയത്തിലും 27-നു രാവിലെ 11 മണിക്ക് **അറ്റലാഭ വിഭജനം, കണക്കുകൾ പരിശോധിക്കുന്ന വിധം, ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ** എന്ന വിഷയത്തിലും 28-നു രാവിലെ 11 മണിക്ക് **പ്രസിഡന്റ്, ഭരണസമിതി അംഗങ്ങളുടെ ചുമതലകളും കർത്തവ്യങ്ങളും, സെക്ഷൻ 80** എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446228368** എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**25-07-2021**

8. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27-ാം തീയതി പോത്തുകുട്ടി പരിപാലനം എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ വാട്സ്ആപ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9188522711 എന്ന മൊബൈൽ നമ്പരിൽ ബന്ധപ്പെടുക.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം